REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രീയ കാര്യങ്ങൾക്കായ കേന്ദ്ര മന്ത്രിസഭാ സമിതി ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും.**
- **ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025ന് നാളെ മുംബൈയിൽ തുടക്കം.**
- **സുപ്രീം കോടതി ജഡ്ജി, ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായിയെ ഇന്ത്യയുടെ 52-ാം ചീഫ് ജസ്റ്റിസ് ആയി രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു.**
- **സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംബാ ഡാൻസ് പരിശീലനം നൽകുന്നതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.**
- **പൂരങ്ങളുടെ പൂരമായ തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറ്റം.**
- **IPL ക്രിക്കറ്റിൽ ന്യൂഡൽഹിയിൽ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ 14 റൺസിന് തോൽപ്പിച്ചു.**

# വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രീയ കാര്യങ്ങൾക്കായ കേന്ദ്ര മന്ത്രിസഭാ സമിതി ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും. വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി യോഗത്തിൽ വിശദീകരിക്കും. സുരക്ഷാ കാര്യ മന്ത്രിസഭാ സമിതി യോഗവും ഇന്ന് ചേർന്നേക്കുമെന്ന് സൂചനയുണ്ട്.

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ന്യൂഡൽഹിയിലെ വസതിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ, കര-നാവിക-വ്യോമ സേനാ മേധാവികൾ എന്നിവരും യോഗത്തിൽ പങ്കെടുത്തു. പിന്നീട് RSS മേധാവി മോഹൻ ഭാഗവതും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന് പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ലക്ഷ്യമിട്ട് കോൺഗ്രസ് സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ച ചിത്രത്തിനെതിരെ BJP പ്രതിഷേധിച്ചു. ഭീകരാക്രമണത്തിന് ശേഷം നിർണായകമായ സമയത്ത് പ്രധാനമന്ത്രിക്ക് എതിരായ പോസ്റ്റുകളിലൂടെ കോൺഗ്രസ് രാജ്യത്തെ ദുർബലപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് പാർട്ടി വക്താവ് ഗൗരവ് ഭാട്ടിയ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇസ്ലാമാബാദിനൊപ്പമാണ് കോൺഗ്രസ് എന്ന് പാകിസ്ഥാന് സന്ദേശം നൽകുകയാണ് കോൺഗ്രസ് എന്നും അദ്ദേഹം ആരോപിച്ചു.

വിവാദങ്ങളെ തുടർന്ന് പോസ്റ്റ് സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റ്, കോൺഗ്രസ് പിന്നീട് നീക്കം ചെയ്തു.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് 2025 പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വൈകീട്ട് മുംബൈയിൽ ഉദ്ഘാടനം ചെയ്യും.

ജിയോ കൺവെൻഷൻ സെന്ററിലെ 15,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരുക്കിയ വേദിയിലാണ് മാധ്യമം, വിനോദം, സാങ്കേതികവിദ്യ മേഖലകളിലെ ആഗോള പ്രദർശനം നടക്കുക.

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. വിനോദ മേഖലയിലെ നൂതനാശയം, സർഗ്ഗാത്മകത, സീമാതീതമായ സഹകരണം എന്നിവയുടെ സംഗമമായിരിക്കും വേവ്സ്

ഉച്ചകോടി. വ്യവസായ രംഗത്തെ പ്രമുഖർ,, നിക്ഷേപകർ, അത്യാധുനിക സാങ്കേതിക വിദ്യാ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

✪✪✪

സുപ്രീം കോടതി ജഡ്ജി, ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായിയെ ഇന്ത്യയുടെ 52-ാം ചീഫ് ജസ്റ്റിസ് ആയി രാഷ്ട്രപതി ദ്രൗപതി മുർമു  നിയമിച്ചു. നിയമനം അടുത്ത മാസം 14ന് പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര നിയമമന്ത്രി അർജ്ജുൻ റാം മെഘ്‌വാൾ ന്യൂഡൽഹിയിൽ അറിയിച്ചു. മഹാരാഷ്ട്ര സ്വദേശിയാണ് ജസ്റ്റിസ് ഗവായ്. നിലവിലെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ കാലാവധി അടുത്ത മാസം 13ന് അവസാനിക്കും.

✪✪✪

സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംബാ ഡാൻസ് പരിശീലനം നൽകുന്നതിന്റെ  ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. 15 സ്കൂളുകളിൽ നിന്ന് ആയിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സൂംബാ അവതരിപ്പിക്കും. സംസ്ഥാന ഗവൺമെന്റിന്റെ  ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ  ഭാഗമായാണ് പദ്ധതി.

✪✪✪

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഹബ്ബായി കേരളത്തെ മാറ്റുന്നതിന് വലിയ ശ്രമമാണ് ഗവൺമെന്റ് നടത്തുന്നതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. വിജ്ഞാന കേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലാ വിജ്ഞാന കൗൺസിൽ രൂപീകരണ യോഗം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് പുറത്തു പോയിരുന്ന സ്ഥിതി മാറി കേരളത്തിൽ തന്നെ അവസരമൊരുങ്ങുകയാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

തനത് നികുതി വരുമാനം 50,000 കോടിയിൽനിന്ന് ലക്ഷം കോടി രൂപയായി ഉയർത്താൻ കേരളത്തിന് സാധിക്കുമെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. കൊയിലാണ്ടി സബ് ട്രഷറിയുടെ ശിലാസ്ഥാപനം നടത്തുകയായിരുന്നു മന്ത്രി. 2021ൽ കേരളത്തിന്റെ തനത് നികുതി വരുമാനം 47,000 കോടി രൂപയായിരുന്നു. ഈ വർഷം ഇത് 95,000 കോടി രൂപയായി ഉയർന്നെന്നും അടുത്ത വർഷം ലക്ഷം കോടി രൂപയിലെത്തിക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ജോലിസ്ഥലത്തെ ലൈംഗിക പീഡന നിരോധന നിയമം  പോഷ് ആക്ട് അനീതി പരിഹരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ വിജയ രഹത്കർ പറഞ്ഞു. കൊച്ചിയിൽ പോഷ് ആക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. പോഷ് ആക്ട് ലിംഗ നിഷ്പക്ഷമാണ്. വിദ്വേഷം വെച്ച് സ്ത്രീകൾ തെറ്റായ പരാതികൾ നൽകിയാലും നടപടി സ്വീകരിക്കാനും പോഷ് ആക്ട് വഴി സാധിക്കുമെന്നും അവർ പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ഡോ. A. ജയതിലക്  ഇന്ന് ചുമതലയേൽക്കും. വിരമിക്കുന്ന ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ വൈകിട്ട് നാലരയ്ക്ക്  ചുമതല പുതിയ ചീഫ് സെക്രട്ടറിക്ക് കൈമാറും.

✪✪✪

ഓഹരി വിപണി നിയന്ത്രണ സ്ഥാപനമായ സെബി, KYC രജിസ്ട്രേഷൻ ഏജൻസികൾക്ക് അടച്ചുപൂട്ടൽ പ്രക്രിയയുടെ കരട് രൂപരേഖ പുറത്തിറക്കി. ഇത്തരം സ്ഥാപനങ്ങൾ പൂട്ടുന്ന സാഹചര്യത്തിൽ നിക്ഷേപകരുടെ ഡാറ്റ സംരക്ഷിക്കുന്നതിന് ചിട്ടയായ ഒരു എക്സിറ്റ് റൂട്ടാണ് സെബി നിർദ്ദേശിച്ചിരിക്കുന്നത്.

✪✪✪

പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ ICSE, ISC പരീക്ഷാഫലം ഇന്നു രാവിലെ 11നു പ്രസിദ്ധീകരിക്കും. ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ cisce.org വഴിയും ഡിജിലോക്കർ വഴിയും ഫലം അറിയാം. CBSE പരീക്ഷാ ഫലം മേയ് രണ്ടാംവാരം പ്രസിദ്ധീകരിക്കുമെന്നാണു സൂചന.

✪✪✪

പൂരങ്ങളുടെ പൂരമായ തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറ്റം. തിരുവമ്പാടി, പാറമേക്കാവ് ക്ഷേത്രങ്ങളിലും എട്ട് ഘടകക്ഷേത്രങ്ങളിലും ഇന്ന് പൂരം കോടിയേറും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ്.

......വോയ്സ്......

പൂരത്തിന്പ്ര ധാനപങ്കാളിത്തം വഹിക്കുന്ന പാറമേക്കാവ് ,തിരുവമ്പാടി ക്ഷേത്രങ്ങളിലും ഘടകപൂരങ്ങളായി പങ്കെടുക്കുന്ന എട്ട് ക്ഷേത്രങ്ങളിലുമാണ്

പൂരം കൊടിയേറുന്നത്. തിരുവമ്പാടി പാറമേക്കാവ്ക്ഷേ ത്രത്തിൽ രാവിലെ 11 നും 12. 30 നും ഇടയിലാണ് കൊടിയേറ്റം നടക്കുക.

നെയ്തലക്കാവ് ക്ഷേത്രത്തിലാണ് ഏറ്റവും അവസാനം കൊടിയേറുന്നത്. മെയ് ആറിനാണ് തൃശൂർ പൂരം. ചമയപ്രദരശനം മെയ് 4 ന് ആരംഭിക്കും അന്ന് വൈകിട്ട് സാമ്പിൾ വെടിക്കെട്ട് നടക്കും.പിറ്റേന്ന് തെക്കേഗോപുര നട തുറന്നു പൂര വിളംബരം ചെയ്യും. മെയ് 6 നാണ് വിശ്വ പ്രസിദ്ധമായ തൃശൂർ പൂരം.

പൂരത്തിന്റെ പ്രധാന ചടങ്ങുകളായ മഠത്തിൽ വരവും ഇലഞ്ഞിത്തറമേളവും കുടമാറ്റവും പ്രധാന പൂര ദിവസമായ മെയ് ആറിന് നടക്കും. പിറ്റേന്ന് പകൽ പൂരവും പുലർച്ചെ വെടിക്കെട്ടും നടക്കുന്നത്തോടെയാണ് പൂരംപെയ്തിറങ്ങുക.

✪✪✪

തൃശൂർ ഇരിങ്ങാലക്കുട വെറ്ററിനറി പോളി ക്ലിനിക്കിൽ പുതിയ മൊബൈൽ വെറ്ററിനറി യൂണിറ്റ് അനുവദിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. സംസ്ഥാനത്താകെ അനുവദിച്ച 47 പുതിയ മൊബൈൽ വെറ്ററിനറി യൂണിറ്റുകളിൽ ഒന്നാണ് ഇരിങ്ങാലക്കുടയിലേത്.

✪✪✪

IPL ക്രിക്കറ്റിൽ ന്യൂഡൽഹിയിൽ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ 14 റൺസിന് തോൽപ്പിച്ചു.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

അടുത്ത വർഷത്തെ ഏഷ്യൻ ഗെയിംസിന് ജപ്പാനിലെ എയ്ച്ചി, നഗോയ നഗരങ്ങൾ വേദികളാകും. സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 4 വരെയാണ് ഏഷ്യൻ ഗെയിംസ്. ഗെയിംസിൽ, ക്രിക്കറ്റ് നാലാം തവണയും നില നിർത്തിയിട്ടുണ്ട്.

✪✪✪

ഫറോക്ക്, ബേപ്പൂർ, രാമനാട്ടുകര, കടലുണ്ടി, ചെറുവണ്ണൂർ, കരുവന്തിരുത്തി വില്ലേജുകളിലെ പട്ടയ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. ബേപ്പൂർ നിയോജക മണ്ഡലം പട്ടയം അസംബ്ലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

പാലക്കാട്, മീൻവല്ലം തുടിക്കോട് ആദിവാസി കോളനിയിൽ മൂന്ന് കുട്ടികൾ മുങ്ങി മരിച്ചു. സഹോദരങ്ങളായ ഏഴും നാലും ആറും പ്രായക്കാരായ പ്രദീപ്, പ്രതീഷ്, രാധിക എന്നിവരെയാണ് വീടിന് അടുത്ത ചിറയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

വീടിന് വെളിയിൽ കളിക്കുകയായിരുന്ന കുട്ടികളെ കാണാതായതോടെ നടത്തിയ തിരച്ചിലിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. അപകടത്തിൽപെട്ടതാവാമെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.

✪✪✪

കൊൽക്കത്തയിൽ ഹോട്ടലിന് തീപിടിച്ച് 14 പേർ മരിച്ചു. നഗര മധ്യത്തിലെ ഫാൽപട്ടി മച്ചുവയ്ക്ക് സമീപത്തെ ഹോട്ടലിലാണ് ഇന്നലെ രാത്രി എട്ടേകാലോടെ തീപിടുത്തമുണ്ടായത്.

✪✪✪

പേ വിഷബാധയേറ്റ് ആറുവയസ്സുകാരി മരിക്കാനിടയായ സംഭവത്തിൽ ആരോഗ്യവകുപ്പ് നടപടി ആരംഭിച്ചു. മരിച്ച സിയാ ഫാരിസിന് കടിയേറ്റ ദിവസംതന്നെ തെരുവുനായയുടെ ആക്രമണത്തിന് ഇരയായ അഞ്ചുപേരെയും നിരീക്ഷണത്തിന് വിധേയമാക്കും. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നാണ് വിലയിരുത്തൽ. പ്രദേശത്ത് കുറുനരി സാന്നിധ്യം കണ്ടെത്തിയതിനാൽ വനംവകുപ്പിന്റെ സഹായവും തേടും. പെരുവള്ളൂരിൽ ഇന്നലെ P അബ്ദുൾ ഹമീദ് MLA-യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് സ്ഥിതിഗതി വിലയിരുത്തി.

✪✪✪

മലപ്പുറം അരീക്കോട് SOG ക്യാമ്പിനെ മോശമായി ചിത്രീകരിച്ചെന്ന കുറ്റത്തിൽ രണ്ട് ഇന്ത്യൻ റിസർവ് ബറ്റാലിയൻ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു. ഹവിൽദാർമാരായ മുഹമ്മദ് ഇല്യാസ്, പയസ് സെബാസ്റ്റ്യൻ എന്നിവരെയാണ് SOG കമാൻഡന്റ് മുഹമ്മദ് നജീമുദ്ദീൻ സസ്പെൻഡ് ചെയ്തത്.

✪✪✪

മാലയിൽ പുലിപ്പല്ല് ധരിച്ചെന്ന കേസിൽ വനം വകുപ്പ് അറസ്റ്റ് ചെയ്ത റാപ്പ് ഗായകൻ ഹിരൺദാസ് മുരളിയെന്ന വേടനെ പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി രണ്ട് ദിവസത്തെ കസ്റ്റഡിയിൽ വിട്ടു. തെളിവെടുപ്പിന് കസ്റ്റഡിയിൽ നൽകണമെന്ന വനം വകുപ്പിന്റെ അപേക്ഷ പരിഗണിച്ചാണിത്.

✪✪✪

കണ്ണൂർ കൈതപ്രത്ത് BJP പ്രവർത്തകനും ഓട്ടോ ഡ്രൈവറുമായ KK രാധാകൃഷ്ണനെ വെടിവെച്ച് കൊലപ്പെടുത്തിയെന്ന കേസിൽ ഭാര്യ മിനി നമ്പ്യാരെ പോലീസ് അറസ്റ്റ് ചെയ്തു. രാധാകൃഷ്ണനെ വധിക്കാൻ ഒന്നാംപ്രതി NK സന്തോഷിന് പ്രേരണ നൽകിയെന്ന കുറ്റത്തിനാണ് മിനിയെ അറസ്റ്റ് ചെയ്തത്. ഇവരെ പയ്യന്നൂർ മജിസ്ട്രേറ്റ് കോടതി റിമാൻഡ് ചെയ്തു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: സബിത ആനന്ദ്*
*DEO : സി കെ സുബോധ്*